ഈ പദ്ധതി പൂർണ്ണമായും അവഗണിക്കുകയുണ്ടായി. വളരെയേറെ പ്രയോജന പ്രദമായ ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം അടിയന്തരമായി ആരംഭിക്കും. ഇതിനുവേണ്ടി 25 കോടി രൂപ നീക്കിവയ്ക്കുന്നതാണ്.

## സിവിൽ സപ്ലൈസ് വകുപ്പ്

201. ഭക്ഷ്യ കാര്യത്തിൽ കമ്മി സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. നമ്മുടെ പൊതുവിതരണ സമ്പ്രദായം ശക്തവും വ്യാപ്തവും ഫലപ്രദവും ആക്കുന്നതാണ്.

202. 2011 സെപ്തംബർ മുതൽ അർഹരായ എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കിലോഗ്രമിന് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന താണ്. 20,56,487 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിനായി നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമേ 200 കോടി രൂപ കൂടി മാറ്റി വയ്ക്കുന്നു.

203. സപ്ലൈകോ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വിലയിൽ കുടിശ്ശികയായ തുക ഉടനെ കൊടുത്തു തീർക്കുന്നതിനുവേണ്ടി നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമേ 50 കോടി രൂപ നീക്കി വയ്ക്കുന്നു.

204. തലശ്ശേരി, നിലമ്പൂർ, കൂത്താട്ടുകുളം, തിരൂർ, തിരുവല്ല, കൊല്ലം, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ അതിനൂതന വ്യാപാര സൗകര്യങ്ങളുള്ള ചില്ലറ വില്പന കേന്ദ്രങ്ങളായ ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതാണ്.

205. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതാണ്.

206. നിലവിലുള്ള 75 മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളുള്ള സൂപ്പർമാർക്കറ്റുകളാക്കി രൂപാന്തരപ്പെടുത്തും.

207. ദുർബ്ബല ജനവിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങളിൽ 10 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിക്കും. കൂടാതെ 10 സൂപ്പർ മാർക്കറ്റുകളെ ആധുനിക വ്യാപാര സൗകര്യങ്ങളോടുകൂടിയ പീപ്പിൾസ് ബസാറുകളാക്കി മാറ്റും.

208. റേഷൻ കടകൾ മുഖേന 13 അവശ്യ സാധനങ്ങൾകൂടി വിതരണം ചെയ്യും.

## വനം-വന്യജീവി വകുപ്പ്

209. വനവും വന്യജീവികളും നമ്മുടെ ആവാസ വ്യവസ്ഥയുടെ അനിവാര്യഘടകങ്ങളാണ്. അതിനാൽ അവയെ സംരക്ഷിക്കുകയും ജനോപകാരപ്രദമാക്കി തീർക്കുകയും ചെയ്യും. അതോടൊപ്പം വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് കർഷകരേയും കാർഷിക വിളകളേയും പരിരക്ഷിക്കേണ്ട കടമയും സർക്കാരിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

210. ഇതോടൊപ്പം മൃഗങ്ങൾക്ക് കുടിവെള്ളവും തീറ്റയും ലഭ്യമാക്കാനായി ചതുപ്പു നിലങ്ങൾ വികസിപ്പിക്കുന്നതിനും അവയ്ക്ക് പ്രിയമുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വേണ്ടത്ര പദ്ധതികൾ നടപ്പാക്കും.

211. വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സൗരോർജ്ജ കമ്പിവേലി സ്ഥാപിക്കുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനും മതിലുകൾ കെട്ടുന്നതിനും കൃഷിക്കാർക്ക് സഹായധനം നൽകുന്നതാണ്. കൂടാതെ വന്യമൃഗങ്ങളുടെ പ്രവേശനം തടയാൻ കഴിവുള്ള മുൾച്ചെടികൾ അടങ്ങുന്ന ജൈവവേലി പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

212. വന്യമൃഗങ്ങളുടെ ആക്രമണംമൂലം നാശംനേരിട്ട കർഷകർക്കും മരണം സംഭവിച്ചവരുടെ അവകാശികൾക്കും യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനും ഈ ഇനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും വേണ്ടി വനം വകുപ്പിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള 90 ലക്ഷം രൂപയ്ക്കു പുറമേ ആവശ്യമായി വരുന്ന അധിക ഫണ്ട് ലഭ്യമാക്കുന്നതാണ്.

213. ഇക്കോ ടൂറിസം നടപ്പിലാക്കുന്ന വന പ്രദേശങ്ങളിലും, ശബരിമല, കുരിശ്ശുമുടി മുതലായ തീർത്ഥാടന പ്രദേശങ്ങളിലും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് വേണ്ടി പ്രത്യേക സംവിധാനങ്ങൾ, പങ്കാളിത്ത വനപരിപാലന പരിപാടികൾ വഴി ഏർപ്പെടുത്തും. നാട്ടാന പരിശീലനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പാപ്പാൻമാർക്കും ആനകളുടെ ഉടമസ്ഥർക്കും പരിശീലനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും.

214. വന-സംരക്ഷണ-പരിപാലന പ്രവർത്തനങ്ങളിൽ വന സംരക്ഷണ സമിതികളുടെയും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തം ഉറപ്പാക്കും.

215. വർദ്ധിച്ചുവരുന്ന ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങളെ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അന്താരാഷ്ട്ര വന വർഷമായി ആചരിക്കുന്ന നടപ്പുവർഷം 60 ലക്ഷത്തോളം കൂടതൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. സാമൂഹ്യ വനവത്ക്കരണത്തിന്റെ ഈ വൃക്ഷത്തൈകൾ പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.

216. ഉപയോഗയോഗ്യമായ തടിയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഇത് പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, മറ്റു ഫലവൃക്ഷങ്ങൾ എന്നിവ സ്വകാര്യ ഭൂമികളിൽ വച്ചുപിടിപ്പിക്കുന്നതാണ്. ഈ പദ്ധതി 1600 ഹെക്ടറിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly